(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയ ബന്ധിതമായി നടപടികൾ ഉണ്ടാകുമോ ;

(സി) മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമി, വീട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യകരവും, അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ/നടപടികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞത് 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെയുള്ള ഭൂമി വാങ്ങി നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനും മുൻവർഷങ്ങളിൽ അനുവദിച്ച പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

332 (682) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; ഇതിനായി എത്ര ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഇതിൽ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അട്ടപ്പാടിയിലെ ഭൂരഹിതരുടെ വിശദവിവരം നൽകുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായിട്ടുള്ള ഭൂരഹിതരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി മാത്രം ചെയ്തിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ; ഇതിന്റെ ഭാഗമായി എത്രപേർക്ക് ഭൂമി നൽകി ;

(ഡി) ഭൂമി വിലയ്ക്കുവാങ്ങി വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ഇ) കഴിഞ്ഞ 8 വർഷമായി ഇതിലേയ്ക്ക് അനുവദിക്കപ്പെട്ട തുകയുടെയും ചെലവിന്റെയും വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) കേരളത്തിൽ ഭൂമിയില്ലാത്ത 10517 പട്ടികവർഗ്ഗക്കാരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർക്കുന്നു.* ഇതിനായി സർക്കാർ 19002 ഏക്കർ വനഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 7149.7 ഏക്കർ വാസയോഗ്യ മാണെന്ന് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർക്കുന്നു.* കൂടാതെ ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് താഴെപ്പറയും പ്രകാരം ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

1. 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം 420 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.
2. ടി.ആർ.ഡി.എം. മുഖേന ഭൂരഹിതരായ 777 പേർക്ക് ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്.
3. ഭൂരഹിത കേരളം പദ്ധതി (3 സെന്റ് വീതം) - 450 പേർക്ക്
4. കെ.എസ്.റ്റി. ആക്ട് - 120 പേർക്ക്
5. വനാവകാശ നിയമ പ്രകാരം - 8223 പേർക്ക്

(സി) അട്ടപ്പാടിയിൽ 835 ഭൂരഹിത പട്ടികവർഗ്ഗക്കാർ ഉണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായിട്ടുള്ള ഭൂരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം ഒരാൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

2. പാരമ്പര്യമായി ഭൂമി ലഭിക്കാൻ സാധ്യതയുള്ളതും എന്നാൽ ഭാഗപത്രം ചെയ്തിട്ടില്ലാത്തതുമായ കേസുകളിൽ ഭൂമി ഭാഗിച്ച് നൽകുന്നതിനും കുടുംബങ്ങളെ ഭൂവുടമകളാക്കുന്നതിനും ലക്ഷ്യമിട്ട് ആയതിനുള്ള ചെലവ് വകുപ്പ് തന്നെ വഹിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

3. സംയുക്ത പരിശോധനയിൽ, വിതരണം ചെയ്യുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള 1898 ഏക്കർ ഭൂമി അർഹതപ്പെട്ടവർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

4. കെ.എസ്.റ്റി. ആക്ട് പ്രകാരം മണ്ണാർക്കാട് വില്ലേജിലെ തത്തയംഗലത്ത് 120 പേർക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് 50 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ ഭാഗമായി ഭൂമി വിൽക്കുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഭൂ ഉടമകളുടെ ഭൂമി വയനാട് ജില്ലാ കളക്ടർ നിയോഗിച്ച സംയുക്ത പരിശോധനാ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഉപയുക്തത സംബന്ധിച്ച പരിശോധന ഇതിനകം പൂർത്തിയായിട്ടുണ്ട്. മാർച്ച് 31-ന് ഉള്ളിൽ ഭൂമി വിലക്കെടുത്ത് ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വയനാട്ടിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

1. 50 കോടി രൂപ ഉപയോഗിച്ച് ഭൂമി വിലക്കെടുക്കുന്ന പദ്ധതി - തുക 31-3-2015-നകം ചെലവഴിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി -

   അനുവദിച്ച തുക - 13,50,69,948

   ചെലവഴിച്ച തുക - 12,17,46,293

LIBRARY ARCHIVES Kerala Legislative Assembly